**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1304** **30-08-2022 - ൽ മറുപടിയ്ക്ക്**

**പള്ളിക്കര ബീച്ചിൽ കെ.ടി.ഡി.സി. നിർമ്മിച്ച കോട്ടേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പള്ളിക്കര ബീച്ച് പാർക്കിന് സമീപമുള്ള സ്ഥലം കോട്ടേജ് നിർമ്മിക്കുന്നതിനായി ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപറേഷനിൽ (ബി.ആർ.ഡി.സി) നിന്ന് കെ.ടി.ഡി.സി. ലീസിന് വാങ്ങിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഈ സ്ഥലത്ത് കെ.ടി.ഡി.സി. നിർമ്മിച്ച കോട്ടേജുകളുടെ എണ്ണം, ചെലവായ തുക, ഇതിൽ നിന്ന് കെ.ടി.ഡി.സി. -യ്ക്ക് ലഭിച്ച വരുമാനം എന്നിവ വിശദമാക്കാമോ; | (ബി) | 6 കോട്ടേജുകൾ, റിസപ്ഷൻ, റസ്റ്റാറന്റ്, കിച്ചൻ, 2 ഗസിബോകൾ എന്നിവയാണ് നിർമ്മിച്ചത്. ഇതുവരെ ചെലവായ തുക 2.71 കോടി രൂപ. നിർമ്മാണ കമ്പനിയായ കിറ്റ്കോയ്ക്ക് ഇതുവരെ കെ.ടി.ഡി.സി. ഒരു കോടി പത്തുലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതുവരെ 55.14 ലക്ഷം രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. |
| (സി) | കെ.ടി.ഡി.സി. നിർമ്മിച്ച പ്രസ്തുത കോട്ടേജുകളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (സി) | നിലവിൽ പ്രസ്തുത കോട്ടേജുകൾ പ്രവർത്തനരഹിതമാണ്. |
| (ഡി) | കോട്ടേജുകളുടെ നിർമ്മാണത്തിലെ അപാകത ഉന്നതതല പരിശോധനയ്ക്ക് വിധേയമാക്കണമെന്ന പരാതിയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത കോട്ടേജുകൾ കിറ്റ്കോ, പി.എം.സി. അടിസ്ഥാനത്തിൽ നിർമ്മിച്ച് കെ.ടി.ഡി.സി.യ്ക്ക് കൈമാറിയിട്ടുള്ളതാണ്. ഇതിന്റെ അപാകത കിറ്റ്കോയെ അറിയിച്ചിട്ടുണ്ട്. |
| (ഇ) | കെ.ടി.ഡി.സി ക്ക് യാതൊരു വരുമാനവും നിലവിൽ ലഭിക്കാത്ത സാഹചര്യത്തിൽ വർഷം തോറും ലീസ് ഇനത്തിൽ ബി.ആർ.ഡി.സി-യ്ക്ക് നൽകിവരുന്ന തുക എത്ര; വിശദാംശങ്ങൾ അറിയിക്കാമോ; | (ഇ) | നിലവിൽ ജി.എസ്.റ്റി. ഉൾപ്പെടെ 7,40,347/- രൂപ വാർഷിക പാട്ടത്തുകയായി നൽകിവരുന്നു. |
| (എഫ്) | ലീസിന് വാങ്ങിയ സ്ഥലത്ത് കെ.ടി.ഡി.സി. പുതിയ കോട്ടേജുകൾ നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (എഫ്) | ഉണ്ട്. പുതിയ കോട്ടേജുകൾ നിർമ്മിക്കുന്നതിലേയ്ക്കായി എസ്.കെ. ആർക്കിടെക് കൺസൽട്ടിനെ നിയമിച്ചിട്ടുണ്ട്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ